©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2023 ഒക്ടോബർ 17<br>17th October 2023<br>1199 കന്നി 30<br>30th Kanni 1199<br>1945 ആശ്വിനം 25<br>25th Aswina 1945 | നമ്പർ<br>No. | 3379 |

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 84/Leg.C2/2022/Law. *Dated, Thiruvananthapuram, 16th October, 2023*
*29th Kanni, 1199*
*24th Aswina, 1945.*

The following Act of the Kerala State Legislature is hereby published for general information. The Bill as passed by the Legislative Assembly received the assent of the Governor on the 14th day of October, 2023.

By order of the Governor,

K. G. SANAL KUMAR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ACT 26 OF 2023

## THE KERALA MOTOR TRANSPORT WORKERS' PAYMENT OF FAIR WAGES (AMENDMENT) ACT, 2023

*An Act further to amend the Kerala Motor Transport Workers' Payment of Fair Wages Act, 1971.*

*Preamble*.—WHEREAS, it is expedient further to amend the Kerala Motor Transport Workers' Payment of Fair Wages Act, 1971 (23 of 1971) for the purposes hereinafter appearing;

BE it enacted in the Seventy-fourth Year of the Republic of India as follows:—

1. *Short title and commencement*.—(1) This Act may be called the Kerala Motor Transport Workers' Payment of Fair Wages (Amendment) Act, 2023.

(2) It shall come into force on such date as the Government may, by notification in the Gazette, appoint.

2. *Amendment of section 2*.—In the Kerala Motor Transport Workers' Payment of Fair Wages Act, 1971 (23 of 1971) (hereinafter referred to as the principal Act) in section 2,—

(i) the existing clause (a) shall be re-lettered as clause (ab) and before clause (ab) as so re-lettered, the following clauses shall be inserted, namely:—

"(a) "authority" means the authority appointed under section 3A of the Act;

(aa) "Deputy Labour Commissioner" means the Deputy Labour Commissioner of the State having jurisdiction in the respective areas;";

(ii) after clause (ab), as so re-lettered, the following clauses shall be inserted, namely:—

"(ac) "Inspector" means the Chief Inspector or any Inspector appointed under sub-section (1) of section 4 of the Motor Transport Workers Act, 1961 (Central Act 27 of 1961);

(ad) "Labour Commissioner" means the Labour Commissioner of the State of Kerala;";

(iii) after clause (d) the following clause shall be inserted, namely:—

"(e) "Government" means Government of Kerala.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. *Insertion of new section 3A.*—After section 3 of the principal Act, the following section shall be inserted, namely:—

"3A. *Claims arising out of non-payment of fair wages and penalty thereof.*—(1) The Government may, by notification in the Gazette, appoint an officer not below the rank of a Deputy Labour Commissioner of the State Government as authority to hear and decide for any specified area, all claims arising out of payment of less than the fair wages to the motor transport workers employed or paid in that area, including all matters incidental to such claims.

(2) Where a motor transport worker has any such claim of the nature referred to in sub-section (1), he himself or any legal practitioner or any official of a registered trade union authorised in writing to act on behalf of such worker or any Inspector or any person acting with the permission of the authority appointed under sub-section (1) may apply to such authority for a direction under sub-section (3):.

Provided that every such application shall be presented in such form as may be prescribed, within six months, from the date on which the fair wages become payable:

Provided further that any such application may be admitted after the said period of six months, if the authority is satisfied that the applicant had sufficient cause for not making the application within such period.

(3) When any application under sub-section (2) is entertained, the authority shall hear the applicant and the employer responsible for the payment of fair wages under section 3, or give them an opportunity of being heard, and after such further enquiry, if any, as it may deem necessary, the authority may, without prejudice to any other penalty to which the employer may be liable under this Act, direct that payment shall be made to the motor transport worker, of the amount by which the amount actually paid to him falls short of the fair wages actually payable to him, together with the payment of such compensation as the authority may think fit, not exceeding ten times the amount of such deficit.

(4) If any amount directed to be paid under sub-section (3) is not paid by the person liable for the payment thereof, within the time limit fixed by the authority in this behalf, the authority shall, on application made to it by the person entitled thereto, either directly or by any person authorised by him in writing, issue a certificate for that amount to the Collector,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

who shall recover the same as arrears of public revenue due on land and pay the same to the person entitled thereto.

(5) Any person aggrieved by an order under sub-section (3) may, within sixty days from the date of receipt of the order, prefer an appeal to the Labour Commissioner (hereinafter referred to as the appellate authority):

Provided that no appeal shall be admitted unless, at the time of preferring the appeal, the appellant either produces a certificate issued by the authority to the effect that he has deposited an amount equal to the amount required to be paid under sub-section (3) or deposits such amount with the appellate authority.

(6) The appellate authority may, after giving the parties to the appeal an opportunity of being heard, confirm, modify or revise the decision of the authority.".

4. *Amendment of section 4.*—In section 4 of the principal Act, for the words "five hundred rupees", the words "two thousand rupees" shall be substituted.

5. *Amendment of section 6.*—In sub-section (1) of section 6 of the principal Act, for the word "authority", the word "Inspector" shall be substituted.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കേരള സർക്കാർ

<u>നിയമ (നിയമനിർമ്മാണ-സി) വകുപ്പ്</u>

## വിജ്ഞാപനം

നമ്പർ 84/ലെഗ്.സി2/2022/നിയമം. *തിരുവനന്തപുരം, 2023 ഒക്ടോബർ 16*
*1199 കന്നി 29*
*1945 ആശ്വിനം 24.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2023 ഒക്ടോബർ 14-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2023-ലെ 26-ാം ആക്റ്റ്

# 2023-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ആക്റ്റ്

1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ ആക്റ്റ് (1971-ലെ 23) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാംവകുപ്പിന്റെ ഭേദഗതി.—1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ ആക്റ്റിന്റെ (1971-ലെ 23) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) നിലവിലുള്ള (എ) ഖണ്ഡം (എബി) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (എബി) ഖണ്ഡത്തിന് മുൻപായി താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

"(എ) "അധികാരസ്ഥാനം" എന്നാൽ 3എ വകുപ്പിൻകീഴിൽ നിയമിച്ചിട്ടുള്ള അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എഎ) "ഡെപ്യൂട്ടി ലേബർ കമ്മീഷണർ" എന്നാൽ ബന്ധപ്പെട്ട പ്രദേശത്ത് അധികാരിതയുള്ള സംസ്ഥാന ഡെപ്യൂട്ടി ലേബർ കമ്മീഷണർ എന്നർത്ഥമാകുന്നു;";

(ii) അപ്രകാരം പുനരക്ഷരം ചെയ്ത (എബി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(എസി) "ഇൻസ്പെക്ടർ" എന്നാൽ 1961-ലെ മോട്ടോർ പരിവഹണ ത്തൊഴിലാളികൾ ആക്റ്റിന്റെ (1961-ലെ 27-ാം കേന്ദ്ര ആക്റ്റ്) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ നിയമിച്ചിട്ടുള്ള ചീഫ് ഇൻസ്പെക്ടർ അല്ലെങ്കിൽ ഏതെങ്കിലും ഇൻസ്പെക്ടർ എന്നർത്ഥമാകുന്നു;

(എഡി) "ലേബർ കമ്മീഷണർ" എന്നാൽ കേരള സംസ്ഥാന ലേബർ കമ്മീഷണർ എന്നർത്ഥമാകുന്നു;";

(iii) (ഡി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.".

3. 3എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 3-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3എ. ന്യായമായ വേതനം നൽകാത്തത് സംബന്ധിച്ച് ഉണ്ടാകുന്ന അവകാശ വാദങ്ങളും അതിനുള്ള ശിക്ഷയും.—(1) ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്ത് നിയോഗിക്കപ്പെട്ടിരിക്കുന്നവരോ അവിടെ വേതനം നൽകപ്പെടുന്നവരോ ആയ മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായതിനേക്കാൾ കുറഞ്ഞ വേതനം നൽകിയതിൽ നിന്നുൽഭവിക്കുന്ന എല്ലാ അവകാശവാദങ്ങളും, അങ്ങനെയുള്ള അവകാശവാദങ്ങൾക്ക് ആനുഷംഗികമായ എല്ലാ കാര്യങ്ങളുമുൾപ്പെടെ, കേൾക്കുന്നതിനും തീർപ്പാക്കുന്നതിനു മുള്ള അധികാരസ്ഥാനമായി സംസ്ഥാന സർക്കാരിന്റെ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ, സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി, നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച സ്വഭാവമുള്ള ഏതെങ്കിലും അവകാശവാദം ഒരു മോട്ടോർ വാഹന തൊഴിലാളിയ്ക്കുള്ളപക്ഷം, അയാൾക്കോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏതെങ്കിലും ലീഗൽ പ്രാക്ടീഷണർക്കോ അങ്ങനെയുള്ള തൊഴിലാളിക്ക് വേണ്ടി പ്രവർത്തിക്കാൻ രേഖാമൂലം അധികാരപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ഒരു തൊഴിലാളി സംഘടനയുടെ ഔദ്യോഗിക ഭാരവാഹിക്കോ ഏതെങ്കിലും ഇൻസ്പെക്ടർക്കോ (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട അധികാരസ്ഥാനത്തിന്റെ അനുവാദത്തോടുകൂടി പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കോ (3)-ാം ഉപവകുപ്പുപ്രകാരം ഉള്ള ഒരു നിർദ്ദേശത്തിനായി അങ്ങനെയുള്ള അധികാരസ്ഥാനത്തോട് അപേക്ഷിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള എല്ലാ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം ഫാറത്തിൽ ന്യായമായ വേതനം നൽകേണ്ടതായി വരുന്ന തീയതി മുതൽ ആറു മാസത്തിനകം സമർപ്പിക്കേണ്ടതാണ്:

എന്നുമാത്രമല്ല, അങ്ങനെയുള്ള കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിന് അപേക്ഷകന് മതിയായ കാരണമുണ്ടായിരുന്നുവെന്ന് അധികാരസ്ഥാനത്തിന് ബോദ്ധ്യമാകുന്നപക്ഷം, പ്രസ്തുത ആറുമാസക്കാലയളവിനു ശേഷവും അങ്ങനെയുള്ള ഏതൊരു അപേക്ഷയും സ്വീകരിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും അപേക്ഷ സ്വീകരിക്കുന്ന പക്ഷം, അധികാരസ്ഥാനം, അപേക്ഷകനെയും 3-ാം വകുപ്പുപ്രകാരം ന്യായമായ വേതനം നൽകാൻ ബാദ്ധ്യസ്ഥനായ തൊഴിലുടമയേയും കേൾക്കേണ്ടതോ അവർക്ക് പറയുവാനുള്ളത് പറയാൻ ഒരവസരം നൽകേണ്ടതും ആവശ്യമെന്ന് കരുതുന്ന പക്ഷം അപ്രകാരമുള്ള കൂടുതൽ അന്വേഷണമേതെങ്കിലുമുണ്ടെങ്കിൽ, അതിനുശേഷം അധികാരസ്ഥാനത്തിന്, ഈ ആക്റ്റ് പ്രകാരം തൊഴിലുടമ വിധേയനായേക്കാവുന്ന മറ്റേതെങ്കിലും ശിക്ഷയ്ക്ക് ഭംഗം വരാതെ, മോട്ടോർ വാഹന തൊഴിലാളിക്ക് യഥാർത്ഥത്തിൽ നൽകപ്പെട്ട വേതനം അയാൾക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ടതായ ന്യായമായ വേതനത്തിൽ നിന്ന് എത്ര കുറവാണോ അത്രയും തുക, അങ്ങനെ കുറവ് വന്ന തുകയുടെ പത്തിരട്ടിയിൽ കവിയാത്തതും അധികാരസ്ഥാനത്തിന് യുക്തമെന്ന് തോന്നുന്നതുമായ അപ്രകാരമുള്ള നഷ്ടപരിഹാരത്തോടൊപ്പം നൽകുവാൻ നിർദ്ദേശിക്കാവുന്നതുമാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം നൽകുവാൻ നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും തുക നൽകാൻ ബാദ്ധ്യസ്ഥനായ ആൾ, അധികാരസ്ഥാനം ഇതിനായി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ നൽകാത്തപക്ഷം അധികാരസ്ഥാനം, ആ തുക കിട്ടാൻ അവകാശമുള്ള ആൾ നേരിട്ടോ അല്ലെങ്കിൽ അയാൾ അധികാരപ്പെടുത്തിയ ഏതെങ്കിലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആൾ മുഖേനയോ രേഖാമൂലം നൽകുന്ന അപേക്ഷയിൻമേൽ, ആ തുകയ്ക്കുള്ള ഒരു സർട്ടിഫിക്കറ്റ് കളക്ടർക്ക് നൽകേണ്ടതും, കളക്ടർ അത് ഭൂമിയിൻമേലുള്ള റവന്യൂ കുടിശ്ശികയെന്നതുപോലെ വസൂലാക്കേണ്ടതും അത് അവകാശപ്പെട്ട ആൾക്ക് നൽകേണ്ടതുമാണ്.

(5) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവ് മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ഉത്തരവ് ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനകം ലേബർ കമ്മീഷണർക്ക് (ഇതിനുശേഷം അപ്പീലധികാരസ്ഥാനം എന്നാണ് പരാമർശിക്കപ്പെടുക) ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്പീൽവാദി, (3)-ാം ഉപവകുപ്പ് പ്രകാരം നൽകാൻ ആവശ്യപ്പെട്ട തുകയ്ക്ക് തുല്യമായ തുക ആ അധികാരസ്ഥാനത്തിന്റെ പക്കൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് ആ അധികാരസ്ഥാനം നൽകിയ ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ അല്ലെങ്കിൽ അപ്രകാരമുള്ള തുക അപ്പീലധികാരസ്ഥാനത്തിന്റെ പക്കൽ നിക്ഷേപിക്കുകയോ ചെയ്യാത്തപക്ഷം യാതൊരു അപ്പീലും സ്വീകരിക്കാൻ പാടില്ലാത്തതാണ്.

(6) അപ്പീലധികാരസ്ഥാനത്തിന് അപ്പീലിലെ കക്ഷികൾക്ക് പറയുവാനുള്ളത് പറയാൻ ഒരു അവസരം നൽകിയതിനുശേഷം, അധികാരസ്ഥാനത്തിന്റെ തീർപ്പ് സ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ പരിഷ്ക്കരിക്കുകയോ ചെയ്യാവുന്നതാണ്.".

4. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ "അഞ്ഞൂറു രൂപ" എന്ന വാക്കുകൾക്ക് പകരം "രണ്ടായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "ഗസറ്റിൽ പരസ്യം മൂലം ഗവൺമെന്റ് പ്രത്യേകം പറയാവുന്ന അധികാരസ്ഥാനം" എന്ന വാക്കുകൾക്ക് പകരം "സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന നിശ്ചയിക്കുന്ന അങ്ങനെയുള്ള ഇൻസ്പെക്ടർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ശരിത്തർജ്ജമ)

ബി. പ്രതാപചന്ദ്രൻ,

*നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.10.17 06:50:08 +05:30